(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) വാട്ടർ ചാർജ്ജ് ഈടാക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന മീറ്ററുകളിൽ ഒട്ടുമിക്കവയും പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) 1-4-1999 മുതൽ ഒരു പ്രാവശ്യം വാട്ടർ ചാർജ്ജ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജ് 1-6-94 മുതൽ പ്രാബല്യത്തിൽ വന്നതാണ്. 1-6-93 മുതൽ പ്രതിവർഷം 15% വീതം നിരക്ക് വർദ്ധനവ് സർക്കാർ അംഗീകരിച്ചു എങ്കിലും 1-6-94 ലെ വർദ്ധനവിനുശേഷം തുടർന്നു വർദ്ധനവ് നടപ്പിലാക്കിയിരുന്നില്ല.

കുടിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഭീമമായ തുക ചിലവ് വരുന്നുണ്ട്. ഇത് കിലോ ലിറ്ററിന് 6.50ക. വരും. 1-6-94-ലെ വർദ്ധനവ് പ്രകാരം ശരാശരി 2 രൂപാ 50 പൈസ മാത്രമേ ഉപഭോക്താക്കളിൽ നിന്നും കിട്ടുന്നുള്ളൂ. സർക്കാർ നൽകുന്ന നോൺപ്ലാൻ ഗ്രാന്റ്, വാട്ടർ ചാർജ്ജിനത്തിൽ ലഭിക്കുന്ന വരുമാനം എന്നിവ കണക്കിലെടുത്താൽ പിന്നെയും പ്രതിവർഷം 25 കോടിയിൽപ്പരം രൂപ പദ്ധതി വിഹിതത്തിൽ നിന്നും വക മാറ്റി ചെലവഴിക്കേണ്ടതായി വരുന്നു.

1-6-1994 മുതൽ പ്രതിവർഷം 15% വർദ്ധനവ് കണക്കാക്കിയാൽ 1-4-99-ൽ 75% വർദ്ധനവ് എങ്കിലും ഏർപ്പെടുത്തേണ്ടി വരുമായിരുന്നു. മേൽ പ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്താണ് 1-4-99 മുതൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനമെടുത്തത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8 ലക്ഷം വാട്ടർ കണക്ഷൻ ഉള്ളതിൽ ഏകദേശം 40% വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) 20-6-1998-ലെ കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) റഗുലേഷൻ ഭേദഗതി പ്രകാരം കേടായ വാട്ടർ മീറ്ററുകൾ ഉപഭോക്താക്കൾതന്നെ കേടുപാടുകൾ തീർത്ത് മാറ്റി സ്ഥാപിക്കുവാൻ ബാദ്ധ്യസ്ഥരാണ്. എങ്കിലും വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ ഉള്ള വാട്ടർ മീറ്ററുകൾ ഉപഭോക്താവിന്റെ ചെലവിൽ മുൻഗണനാ ക്രമത്തിൽ മാറ്റിവയ്ക്കുവാൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേടായ വാട്ടർ മീറ്റർ നന്നാക്കുന്നതിന് തിരുവനന്തപുരത്ത് ഏതാനും ചിലർക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

15 (*191) ഹൈഡൽ ടൂറിസം

ശ്രീ. പി.സി. ജോർജ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഹൈഡൽ ടൂറിസം സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇതുമൂലമുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഇ) ഈ പദ്ധതി നടപ്പിലാക്കുവാൻ ബോർഡിനു കീഴിൽ സ്വയം ഭരണാധികാരമുള്ള കേന്ദ്രം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ആദ്യഘട്ടത്തിൽ മൂന്നാർ, മാട്ടുപ്പെട്ടി, ഇടുക്കി എന്നീ ഹൈഡൽ പദ്ധതി പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ആദ്യഘട്ടത്തിൽ മൂന്നാറിലെയും മാട്ടുപ്പെട്ടിയിലെയും ഹൈഡൽ പദ്ധതി പ്രദേശങ്ങളിലെ ഗാർഡൻ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. മൂന്നാറിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുവാനും മാട്ടുപ്പെട്ടിയിലെ ബോട്ടിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുവാനും പരിപാടിയുണ്ട്.

(ഡി) വിനോദസഞ്ചാരം മെച്ചപ്പെടുത്തുക എന്നതാണ് പ്രധാന ഉദ്ദേശം. ഡാമുകളുമായി ബന്ധപ്പെട്ട തടാകങ്ങൾ വിനോദ സഞ്ചാരത്തിനായി തുറന്നുകൊടുക്കുകയും ഇതു വഴി വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും.

(ഇ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ഹൈൽ ടൂറിസം സെന്റർ എന്ന സംഘം 1-12-99-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

16 (*192) പട്ടികജാതി-പട്ടികവർഗ്ഗ സമുദായ സംവരണം

ശ്രീ. പി.കെ. ചന്ദ്രൻ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവീസിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായിക സംവരണം പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള റിവ്യൂ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ഘടന എന്തെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly